നം.ഇ.എക്സ്/സി.ജിഎൽ(1)/39200/2019/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെകാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,തീയതി: 25/05/2020.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ/ഡി.ഇ.ഒ മാർക്കും

സർ,

വിഷയം:-പൊ.വി.വ. - എസ്.എസ്.എൽ.സി/എച്ച്.എസ്.ഇ/വി.എച്ച്.എസ്.ഇ പൊതുപരീക്ഷകളുടെ പുന:ക്രമീകരണം - നടത്തിപ്പ് -സംബന്ധിച്ച്.

സൂചന:- 1. 23/05/2020 ലെ ഇതേ നമ്പർ സർക്കുലർ.
2. 24/05/2020 ലെ ഇതേ നമ്പർ കത്ത്.

സൂചനകളിലെ നിർദ്ദേശങ്ങളോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ചീഫ് സൂപ്രണ്ടുമാർക്ക് നൽകുന്നു.

1. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഉത്തരക്കടലാസിന്റെ അഡീഷണൽ ഷീറ്റ്, ഹാൾടിക്കറ്റ് എന്നിവയിൽ ഇൻവിജിലേറ്റേഴ്സ് ഒപ്പ് വയ്ക്കുന്നത് ഒഴിവാക്കാവുന്നതാണ്.

2. വിദ്യാർത്ഥികൾക്ക് മോണോഗ്രാം പതിച്ച ഉത്തരക്കടലാസുകൾ ഇൻവിജിലേറ്റർമാർ ഫെയ്സിംഗ് ഷീറ്റിൽ ഒപ്പിട്ട് പരീക്ഷയ്ക്കായി നൽകേണ്ടതാണ്. എന്നാൽ പരീക്ഷ കഴിഞ്ഞതിനുശേഷം മോണോഗ്രാം പതിക്കേണ്ടതില്ല. ഉത്തരക്കടലാസിൽ ഉത്തരം എഴുതി അവസാനിപ്പിക്കുന്നതിന് താഴെയായി വിദ്യാർത്ഥികൾ ഡബിൾ ലൈൻ മാർക്ക് ചെയ്യേണ്ടതും അതിനു താഴെയായി ക്യാൻസൽഡ് എന്നെഴുതി പേപ്പറിന്റെ ബാക്കിയുള്ള ഭാഗം ക്യാൻസൽ ചെയ്യേണ്ടതുമാണ്.

3. വിദ്യാഭ്യാസ ഓഫീസർമാർ നിയമിക്കുന്ന ഇൻവിജിലേറ്റേഴ്സ് ഹാജരാകാത്ത വേളയിൽ അടിയന്തിര സാഹചര്യത്തിൽ ചീഫ് സൂപ്രണ്ടുമാർക്ക് സമീപത്തെ വിദ്യാലയത്തിൽ നിന്നും അദ്ധ്യാപകരെ ഇൻവിജിലേഷന് നിയമിക്കാവുന്നതാണ്.

4. ഉച്ചയ്ക്കുശേഷം നടക്കുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ അന്നു തന്നെ ഡെസ്പാച്ച് ചെയ്യുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തൊട്ടടുത്ത ദിവസം രാവിലെ 10.30-നകം ആയത് ഡെസ്പാച്ച് ചെയ്യേണ്ടതാണ്. ഉത്തരക്കടലാസുകൾ സ്കൂളിൽ സൂക്ഷിക്കുന്ന പക്ഷം ചോദ്യക്കടലാസുകൾ സൂക്ഷിക്കുന്ന

അതേമാതൃകയിൽ തന്നെ ഉത്തരക്കടലാസുകൾ സൂക്ഷിക്കേണ്ടതും, കാവലിന് ജീവനക്കാരെ നിയമിക്കേണ്ടതുമാണ്.

5. വിദ്യാലയ ശുചീകരണം, അണുനശീകരണ ജോലികൾക്കായി ദിവസവേതന ജീവനക്കാരെ നിയമിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ആവശ്യമെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ (ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ/ഡി.ഇ.ഒ) അനുമതിയോടു കൂടി 2-ൽ കൂടുതൽ ആളുകളെ ഈ ജോലികൾക്കായി നിയോഗിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ &**
**പരീക്ഷാ കമ്മീഷണർ**

പകർപ്പ്:-

1) ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം
2) പരീക്ഷാ സെക്രട്ടറി, പരീക്ഷാഭവൻ
3) സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം
4) എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും
(ബന്ധപ്പെട്ട ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ/ഡി.ഇ.ഒ മുഖേന)